**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3354</u>** **<u>15-02-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ബേക്കൽ ടൂറിസം പദ്ധതിയിൽ പാട്ടത്തിനു നൽകിയ റിസോർട്ടുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര റിസോർട്ടുകളാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ബേക്കൽ റിസോർട്ട്സ് ഡെവെലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (ബി.ആർ.ഡി.സി.) അധീനതയിലുള്ള ആറ് റിസോർട്ട് സൈറ്റുകളിൽ മൂന്ന് റിസോർട്ട് സൈറ്റുകളാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. ഇവയിൽ, പാട്ടകരാർ വ്യവസ്ഥയിൽ പാട്ടത്തിന് നൽകപ്പെട്ട താജ് ബേക്കൽ റിസോർട്ട് & സ്പാ, ലളിത് റിസോർട്ട് & സ്പാ എന്നീ 2 റിസോർട്ടുകൾ പ്രവർത്തനം ആരംഭിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഒരു റിസോർട്ട് നിർമ്മാണം നല്ല രീതിയിൽ പുരോഗമിക്കുന്നു. മറ്റു 3 റിസോർട്ട് സൈറ്റുകളുടെ നിലവിലുള്ള സ്ഥിതി വിവരം ചുവടെ പ്രതിപാദിക്കുന്നു.<br><br>**<u>റിസോർട്ട് സൈറ്റ് നമ്പർ 1</u> :**<br><br>പുതിയ പാട്ടക്കരാറുകാരെ കണ്ടെത്തുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു.<br><br>**<u>റിസോർട്ട് സൈറ്റ് നമ്പർ 2</u> - ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ്, തിരുവനന്തപുരം :-**<br><br>റിസോർട്ട് നിർമ്മാണം ആരംഭിച്ചിരുന്നുവെങ്കിലും നിർമ്മാണം 9 വർഷമായി മുടങ്ങി കിടക്കുകയാണ്.<br><br>**<u>റിസോർട്ട് സൈറ്റ് നമ്പർ 7</u> - ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസ്, എറണാകുളം:-**<br><br>റിസോർട്ട് നിർമ്മാണം ആരംഭിച്ചുവെങ്കിലും പിന്നീട് മുടങ്ങിയിരുന്നു. നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ, റവന്യൂ റിക്കവറി നടപടികളിലൂടെ തിരിച്ചെടുത്ത് പുതിയ പാട്ടക്കരാറുകാരെ കണ്ടെത്തുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ നടന്നു വരുന്നു. |
| (ബി) | പാട്ടത്തുക ഇനത്തിൽ ബി.ആർ.ഡി.സിക്ക് വർഷംതോറും എത്ര രൂപ വരുമാനം | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം പാട്ടത്തുകയായി 176 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ബേക്കൽ റിസോർട്ട്സ് |

| | | | |
|---|---|---|---|
| | ലഭിക്കുമെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ അധീനതയിലുള്ള ആകെ 6 റിസോർട്ട് സൈറ്റുകളിൽ, പാട്ടക്കരാർ വ്യവസ്ഥയിൽ 3 റിസോർട്ടുകളാണ് പാട്ടത്തിന് നൽകിയിട്ടുള്ളത് .ഇതിൽ ഉൾപ്പെട്ട താജ് ബേക്കൽ റിസോർട്ട് & സ്പാ, ഗ്ലോബ് ലിങ്ക് ഹോട്ടൽസ് എന്നിവർ പാട്ടത്തുക അടക്കുന്നുണ്ട്. ലളിത് റിസോർട്ട് & സ്പാ, ഉദുമ പാട്ടതുക കുടിശ്ശികയായി 205 ലക്ഷം രൂപ നൽകുവാനുണ്ട്. റിസോർട്ട് സൈറ്റ് നമ്പർ 2 - തിരുവനന്തപുരം ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ് റിസോർട്ട് നിർമ്മിതാക്കളിൽ നിന്നും കിട്ടേണ്ടതായ പാട്ടതുകയും പലിശയുൾപ്പെടെയുള്ള കുടിശ്ശികയായ 1865 ലക്ഷം രൂപയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു. ബാങ്ക് ബാധ്യതകളുമായി ബന്ധപ്പെട്ട ലിക്വിഡേഷൻ നടപടികൾ നടന്നു വരുന്നു. റിസോർട്ട് സൈറ്റ് നമ്പർ 7 - എറണാകുളം ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസ് റിസോർട്ട് നിർമ്മാതാവിൽ നിന്നും കിട്ടേണ്ടതായ പാട്ടതുകയും പലിശയുമുൾപ്പെടെയുള്ള 802 ലക്ഷം രൂപയുടെ കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ട തുടർ നടപടികളും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നു |
| (സി) | റിസോർട്ട് പാട്ടത്തിനെടുത്തവർ പാട്ടകുടിശിക വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം പാട്ടത്തുകയായി 176 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ അധീനതയിലുള്ള ആകെ 6 റിസോർട്ട് സൈറ്റുകളിൽ, പാട്ടക്കരാർ വ്യവസ്ഥയിൽ 3 റിസോർട്ടുകളാണ് പാട്ടത്തിന് നൽകിയിട്ടുള്ളത് .ഇതിൽ ഉൾപ്പെട്ട താജ് ബേക്കൽ റിസോർട്ട് & സ്പാ, ഗ്ലോബ് ലിങ്ക് ഹോട്ടൽസ് എന്നിവർ പാട്ടത്തുക അടക്കുന്നുണ്ട്. ലളിത് റിസോർട്ട് & സ്പാ, ഉദുമ പാട്ടതുക കുടിശ്ശികയായി 205 ലക്ഷം രൂപ നൽകുവാനുണ്ട്. റിസോർട്ട് സൈറ്റ് നമ്പർ 2 - തിരുവനന്തപുരം ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ് റിസോർട്ട് നിർമ്മിതാക്കളിൽ നിന്നും കിട്ടേണ്ടതായ പാട്ടതുകയും പലിശയുൾപ്പെടെയുള്ള കുടിശ്ശികയായ 1865 ലക്ഷം രൂപയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു. ബാങ്ക് ബാധ്യതകളുമായി ബന്ധപ്പെട്ട ലിക്വിഡേഷൻ നടപടികൾ നടന്നു വരുന്നു. റിസോർട്ട് സൈറ്റ് നമ്പർ 7 - എറണാകുളം ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസ് റിസോർട്ട് നിർമ്മാതാവിൽ നിന്നും കിട്ടേണ്ടതായ പാട്ടതുകയും പലിശയുമുൾപ്പെടെയുള്ള 802 ലക്ഷം രൂപയുടെ കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ട തുടർ നടപടികളും റവന്യൂ |

| | | | |
|---|---|---|---|
| | | | റിക്കവറി ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നു |
| (ഡി) | പ്രസ്തുത കുടിശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം പാട്ടത്തുകയായി 176 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ അധീനതയിലുള്ള ആകെ 6 റിസോർട്ട് സൈറ്റുകളിൽ, പാട്ടക്കരാർ വ്യവസ്ഥയിൽ 3 റിസോർട്ടുകളാണ് പാട്ടത്തിന് നൽകിയിട്ടുള്ളത് .ഇതിൽ ഉൾപ്പെട്ട താജ് ബേക്കൽ റിസോർട്ട് & സ്പാ, ഗ്ലോബ് ലിങ്ക് ഹോട്ടൽസ് എന്നിവർ പാട്ടത്തുക അടക്കുന്നുണ്ട്. ലളിത് റിസോർട്ട് & സ്പാ, ഉദുമ പാട്ടതുക കുടിശ്ശികയായി 205 ലക്ഷം രൂപ നൽകുവാനുണ്ട്. റിസോർട്ട് സൈറ്റ് നമ്പർ 2 - തിരുവനന്തപുരം ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ് റിസോർട്ട് നിർമ്മിതാക്കളിൽ നിന്നും കിട്ടേണ്ടതായ പാട്ടതുകയും പലിശയുൾപ്പെടെയുള്ള കുടിശ്ശികയായ 1865 ലക്ഷം രൂപയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു. ബാങ്ക് ബാധ്യതകളുമായി ബന്ധപ്പെട്ട ലിക്വിഡേഷൻ നടപടികൾ നടന്നു വരുന്നു. റിസോർട്ട് സൈറ്റ് നമ്പർ 7 - എറണാകുളം ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസ് റിസോർട്ട് നിർമ്മാതാവിൽ നിന്നും കിട്ടേണ്ടതായ പാട്ടതുകയും പലിശയുമുൾപ്പെടെയുള്ള 802 ലക്ഷം രൂപയുടെ കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ട തുടർ നടപടികളും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ